(ബി) നിശ്ചിത സമയപരിധി നിർണ്ണയിച്ചിട്ടില്ല.

(സി) 2001-02-ലെ എല്ലാ ബ്രാഞ്ചിലെ നിയമനങ്ങൾക്കും ഡി.ടി.ഇ.-യുടെ അംഗീകാരം കിട്ടിയിട്ടുണ്ട്. യൂണിവേഴ്സിറ്റിയുടെ അംഗീകാരം കമ്പ്യൂട്ടർ സയൻസിലെ ഒരാൾക്ക് ഒഴികെ മറ്റുള്ളവർക്കെല്ലാം ലഭിച്ചിട്ടുണ്ട്. 2002-03-ൽ നിയമനം നടത്തിയിട്ടില്ല. 2003-04-ൽ നിയമിച്ച 18 നിയമനങ്ങളിൽ 6 എണ്ണത്തിന് യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തിന് അയച്ചിട്ടുണ്ട്. 12 എണ്ണം അംഗീകാരത്തിനായി അവശേഷിക്കുന്നു.

(ഡി) പരിശോധിക്കാവുന്നതാണ്.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ജി) 2002-03-ൽ നിയമനം നടത്തിയിട്ടില്ല. 2001-02-ലെ എല്ലാ നിയമനങ്ങൾക്കും ഡി.റ്റി.ഇ.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(എച്ച്) എല്ലാവിധ സാങ്കേതിക തടസ്സങ്ങളും ഒഴിവാക്കാൻ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## കേരള സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിലെ വിവിധ തസ്തികയിലെ നിയമനങ്ങൾ കൃാൻസൽ ചെയ്യാൻ നടപടി

120 [3010] ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ ഡെപ്യൂട്ടി ഡയറക്ടറുടെ നിയമനം നടത്തുവാൻ ആർക്കാണ് അധികാരം നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; ഇപ്പോൾ നിലവിലുള്ള ഡെപ്യൂട്ടി ഡയറക്ടറെ ഈ മാനദണ്ഡമനുസരിച്ചാണോ നിയമിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ് ആയി നിയമനം നൽകുവാൻ നോട്ടിഫിക്കേഷനിൽ പറഞ്ഞിട്ടുള്ള യോഗ്യതകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; നോട്ടിഫിക്കേഷനിൽ പറഞ്ഞിട്ടുള്ള യോഗ്യതയുള്ള ആളിനെയാണോ ഇപ്പോൾ നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; എന്ത് മാനദണ്ഡമനുസരിച്ചാണ് നിയമനം നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(സി) റിസപ്ഷനിസ്റ്റ് ആയി നിയമനം ലഭിക്കുന്നതിന് നോട്ടിഫിക്കേഷനിൽ ഉയർന്ന പ്രായപരിധി നിശ്ചയിച്ചിരുന്നുവോ; എങ്കിൽ എത്രയാണ്; നോട്ടിഫിക്കേഷനിൽ പറഞ്ഞിട്ടുള്ള പ്രായപരിധിയിൽ ഉള്ള ആളിനാണോ ഇപ്പോൾ നിയമനം നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;



LIBRARY ARCHIVES Kerala Legislative Assembly

(ഡി) മ്യൂസിയത്തിൽ ഡ്രൈവറുടെ ഒഴിവിൽ നിയമനം നടത്തുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പോസ്റ്റിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇന്റർവ്യൂവിന് ഹാജരാകാത്ത ആളിന് നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ഇന്റർവ്യൂവിന് ഹാജരാകാത്ത ആളിന് നിയമനം നൽകിയിട്ടുണ്ടോ;

(ഇ) എൽ. ഡി. സി. ആയി നിയമിക്കുന്നതിന് നോട്ടിഫിക്കേഷനിൽ പറഞ്ഞിട്ടുള്ള വിദ്യാഭ്യാസ യോഗ്യതകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ; നോട്ടിഫിക്കേഷന് അനുസൃതമായിട്ടാണോ നിയമനം നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ബി. കോം. ഓർ ബി. എസ്സി. എന്ന് നോട്ടിഫിക്കേഷനിൽ പറഞ്ഞിട്ട് പ്രസ്തുത യോഗ്യത ഇല്ലാത്ത ആളിന് നിയമനം നൽകിയത് എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(ജി) നോട്ടിഫിക്കേഷനിൽ നിന്നും വ്യതിചലിച്ചുകൊണ്ട് നടത്തിയിട്ടുള്ള മുഴുവൻ നിയമനങ്ങളും ക്യാൻസൽ ചെയ്യാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ ഡെപ്യൂട്ടി ഡയറക്ടറുടെ നിയമനം നടത്തുവാൻ മ്യൂസിയത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിക്കാണ് അധികാരം നൽകിയിട്ടുള്ളത്. (Clause IV No. B(ii), Rules & Regulations of Kerala State Science & Technology Museum) പ്രസക്ത ഭാഗത്തിന്റെ പകർപ്പ് അനുബന്ധം ആയി വയ്ക്കുന്നു. ഇപ്പോൾ നിലവിലുള്ള ഡെപ്യൂട്ടി ഡയറക്ടറെ ഈ അധികാരം വിനിയോഗിച്ചാണ് നിയമിച്ചിരിക്കുന്നത്.†

(ബി) (i) പ്രീഡിഗ്രി അഥവാ തത്തുല്യമായ യോഗ്യത അല്ലെങ്കിൽ എസ്.എസ്.എൽ.സി.-യും കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ഹയർ).

(ii) ഒരു വർഷത്തെ പ്രവൃത്തി പരിചയം എന്നിവയാണ് ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റിന്റെ നോട്ടിഫിക്കേഷനിൽ പറഞ്ഞിട്ടുണ്ടായിരുന്ന യോഗ്യതകൾ. മേൽപ്പറഞ്ഞ യോഗ്യതയുള്ള ആളിനെയാണ് പത്രപരസ്യം വഴി ഇന്റർവ്യൂ നടത്തി 6-1-2004-ന് നിയമനം നൽകിയിരിക്കുന്നത്.

(സി) റിസപ്ഷനിസ്റ്റായി നിയമനം ലഭിക്കുന്നതിന് നോട്ടിഫിക്കേഷനിൽ 35 വയസ്സും സർക്കാർ നിയമാനുസൃതമായ വയസ്സിളവുമാണ് നിശ്ചയിച്ചിരുന്നത്. നോട്ടിഫിക്കേഷനിൽ പറഞ്ഞിട്ടുണ്ടായിരുന്ന പ്രായപരിധിയിൽ വരുന്നയാൾക്കല്ല നിയമനം നൽകിയിട്ടുള്ളത്. കാരണം നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതിനുശേഷം മ്യൂസിയത്തിൽ ദീർഘകാലം ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്തു

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വന്നിരുന്ന ചില ജീവനക്കാരെ കൂടി പരിഗണിക്കുവാൻ 14-7-2003-ന് ചേർന്ന 23-ാമത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി പ്രായപരിധി 40 ആയി ഉയർത്തി തീരുമാനമെടുത്തിരുന്നു. 26-2-2004-ന് നടത്തിയ ഈ നിയമനം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുകയാണ്. അതിനാൽ ടി നിയമനം കോടതി വിധിക്ക് വിധേയവു മായിരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

(ഡി) മ്യൂസിയത്തിൽ ഡ്രൈവറുടെ ഒഴിവിൽ നിയമനം നടത്തുവാൻ മ്യൂസിയത്തിന്റെ ഗവേണിംഗ് ബോഡിയാണ് അനുമതി നൽകിയിട്ടുള്ളത്. ഇന്റർവ്യൂവിൽ ഹാജരായവർക്ക് മാത്രമാണ് നിയമനം നൽകിയിട്ടുള്ളത് എന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ഇ ആന്റ് എഫ്) (i) ബി. എസ്സി. അല്ലെങ്കിൽ ബി. കോം. ബിരുദവും.

(ii) കെ. ജി. ടി. ഇ. ഇംഗ്ലീഷ് ടൈപ്പ് റൈറ്റിംഗ് ഹയർ.

(iii) രണ്ടു വർഷത്തെ ജോലി പരിചയം

1-3-2004-ന് നിയമനം നൽകിയ ആളിന്റെ യോഗ്യത ബി. കോം. ബിരുദവും കമ്പ്യൂട്ടർ ആപ്ളിക്കേഷനിൽ ഡിപ്ലോമയുമാണ്. ഈ നിയമനം സെലക്ഷൻ കമ്മിറ്റി യുടെ നിർദ്ദേശപ്രകാരമായിരുന്നു എന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ജി) ഇക്കാര്യം വിശദമായി പരിശോധിക്കുന്നതാണ്.

## എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ് നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ അടിയന്തിര നടപടി

121 [3011] ശ്രീ. സി. മോയിൻകുട്ടി :

,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിയമനം ലഭിച്ചശേഷം നിയമനോത്തരവുകളും അനുബന്ധ രേഖകളും ഗവൺമെന്റിന്റെയോ യൂണിവേഴ്സിറ്റിയുടെയോ അംഗീകാരം ലഭ്യമാക്കുന്നതിന് മുമ്പ് തന്നെ അവരെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമനുസരിച്ച് ഉപരിപഠനത്തിന് നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ബ്രാഞ്ചുകളിലും ഡിപ്പാർട്ടുമെന്റുകളിലും നിന്നുമായി എത്ര അദ്ധ്യാപകരെ ഇങ്ങനെ നിയോഗിച്ചിട്ടുണ്ട്;

(ബി) ഗവൺമെന്റോ യൂണിവേഴ്സിറ്റിയോ അംഗീകാരം നൽകുന്നതിന് മുമ്പു തന്നെ ഇപ്രകാരം ഉപരിപഠനത്തിന് നിയോഗിക്കുന്നത് പിന്നീട് നിയമന നടപടികൾക്ക് കാരണമാകാൻ സാദ്ധ്യതയുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly